നം. എച്ച് 1- 16160/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 16/12/2017
Email - swdkerala@gmail.com
Phone - 0471-2306040

സർക്കുലർ

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് – തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ രക്ഷിതാവിന് സ്വയം തൊഴിൽ സഹായം നൽകുന്ന 'സ്വാശ്രയ' പദ്ധതി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന :- സ.ഉ.(ആർ.റ്റി) നം, 742/2017/സാ.നീ.വ തീയതി. 4/11/2017

ഭർത്താവ് ഉപേക്ഷിച്ച് തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന മകനെ/മകളെ സംരക്ഷിക്കേണ്ടി വരുന്ന ബി.പി.എൽ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി ഒറ്റത്തവണ ധനസഹായമായി 35,000/- രൂപ അനുവദിച്ച് നൽകുന്ന 'സ്വാശ്രയ' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സൂചന പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത് പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് ടി പദ്ധതിയിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും അർഹരായി കണ്ടെത്തുന്നവരുടെ വിശദാംശങ്ങൾ ഉൾപ്പെടെ ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്. പദ്ധതിയെ സംബന്ധിച്ച വിശദാംശം അപേക്ഷ ഫോറം എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

Dh/-

ഭർത്താവ് ഉപേക്ഷിച്ച് തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന മകനെ/ മകളെ സംരക്ഷിക്കേണ്ടി വരുന്ന ബി.പി.എൽ കുടുംബത്തിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

**സ്വാശ്രയ**

| | | |
|---|---|---|
| 1. | a. അപേക്ഷകയുടെ പേരും പൂർണ്ണമായ മേൽ വിലാസവും<br>b. Marital Status (Enclose Proof) | |
| 2. | ഭിന്നശേഷിയുള്ള വ്യക്തിയുടെ പേര്, അപേക്ഷകയുമായുള്ള ബന്ധം | |
| 3. | വൈകല്യത്തിന്റെ തോത്, വൈകല്യത്തിന്റെ സ്വഭാവം (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ്/ഭിന്നശേഷി കാർഡ് ഹാജരാക്കണം) | |
| 4. | വാർഷിക വരുമാനം (തെളിയിക്കുന്ന രേഖ ഉൾപ്പെടുത്തേണ്ടതാണ്) | |
| 5. | അപേക്ഷകയുടെ ആധാർ നം. | |
| 6. | ഭിന്നശേഷിയുള്ള വ്യക്തിയുടെ ആധാർ നമ്പർ (ലഭ്യമാണെങ്കിൽ) | |
| 7. | അപേക്ഷകയുടെ ബാങ്ക് അക്കൗണ്ട് നമ്പരും, ശാഖയും, IFS കോഡും | |
| 8. | ആരംഭിയ്ക്കാൻ പോകുന്ന സ്വയം തൊഴിൽ (പ്രോജക്ട് സമർപ്പിക്കുക) | |

Dh/-

## സത്യപ്രസ്താവന

ഈ അപേക്ഷയിൽ പറയുന്ന വിവരങ്ങൾ എന്റെ പൂർണ്ണമായ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും, ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി യാതൊരു വസ്തുതയും മറച്ചു വയ്ക്കുകയോ വെളിപ്പെടുത്താതിരിക്കുകയോ ചെയ്തിട്ടില്ലെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: അപേക്ഷകയുടെ പേരും

തീയതി: ഒപ്പും

## പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ട്

സ്വാശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീമതി ................................ സമർപ്പിച്ച അപേക്ഷയിൽ നേരിട്ട് അന്വേഷണം നടത്തിയിട്ടുള്ളതും ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷക പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിന് അർഹയാണ്/അർഹയല്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: അന്വേഷണ ഉദ്യോഗസ്ഥന്റെ

തീയതി: (ഓഫീസ് സീൽ) പേരും ഒപ്പും

## ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തീരുമാനം

1. ശ്രീമതി................................ സ്വാശ്രയ പദ്ധതി പ്രകാരം സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ............... രൂപ അനുവദിച്ച് ഉത്തരവാകുന്നു. ടി തുക അപേക്ഷകയുടെ ........................ ബാങ്കിലെ ....................... ശാഖയിലെ ....................................... അക്കൗണ്ട് നമ്പറിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.
2. ശ്രീമതി. ................................ സ്വാശ്രയ പദ്ധതിയിൽ ഉൾപ്പെടുന്നതിന് അർഹയല്ല.

സ്ഥലം:

തീയതി: ജില്ലാ സാമൂഹ്യനീതി ഓഫീസർ

Dh/-

# സ്വാശ്രയ പദ്ധതി

## തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ രക്ഷാകർത്താവിന്/മാതാവിന് സ്വയം തൊഴിൽ ചെയ്യുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് പരസഹായമില്ലാതെ അവരുടെ ദൈനം ദിന കാര്യങ്ങൾ ചെയ്യുന്നതിന് കഴിയുകയില്ല. പലപ്പോഴും ഇത്തരക്കാർ വീട്ടിൽ തന്നെ കഴിയേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ഒരു കുടുംബത്തിൽ/വീട്ടിൽ തീവ്ര ശാരീരിക മാനസിക വെല്ലുവിളിയുള്ള ഒരു വ്യക്തി ഉണ്ടെങ്കിൽ ആ വീട്ടിലെ ഒരു മുതിർന്ന വ്യക്തി അച്ഛൻ/അമ്മ മറ്റ് ജോലിക്കൊന്നും പോകാൻ കഴിയാതെ അവരെ സംരക്ഷിക്കുന്നതിനും അവരുടെ ദൈനം ദിന കാര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുമായി വീട്ടിൽ തന്നെ കഴിയേണ്ടി വരുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുടുംബത്തിലാണ് ഇത്തരത്തിൽ തീവ്ര ശാരീരിക മാനസിക വെല്ലുവിളിയുള്ള വ്യക്തി ഉള്ളതെങ്കിൽ അവർക്ക് യാതൊരു വിധ ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ സ്ഥിതി വളരെ പരിതാപകരമാണ്. ഭാര്യയും ഭർത്താവും വിവിധ തൊഴിലുകളിലേർപ്പെട്ടിട്ടും ജീവിതം കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടുന്ന BPL കുടുംബത്തിൽ പെട്ടവരുടെ കാര്യത്തിൽ ഒരാളുടെ വരുമാനം നിലക്കുമ്പോൾ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നു.

ചികിത്സയ്ക്കും മറ്റുമായി ഇത്തരത്തിലുള്ള വ്യക്തികളെ ആശുപത്രിയിലേയ്ക്കും ക്ലിനിക്കിലേയും കൊണ്ടു പോകുമ്പോഴും ഏറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നു എന്നുമാത്രമല്ല പ്രത്യേകമായി വാഹനത്തിൽ കൊണ്ടു പോകേണ്ടി വരുന്നു. ഇതു സാധാരണക്കാർക്ക് കൂടുതൽ പണചിലവ് ഉണ്ടാക്കുന്നു. ശയ്യാവലംബികളായ ഇത്തരക്കാരെ സംരക്ഷിക്കുന്നതിന് വീട്ടിലെ മറ്റൊരംഗത്തിന് 525/- രൂപ നിരക്കിൽ ആശ്വാസം കിരണം പെൻഷൻ മാസത്തിൽ ലഭിക്കുന്നുണ്ടെങ്കിലും അവരുടെ കുടുംബത്തിലെ പ്രയാസങ്ങൾക്ക് ഈ തുക കൊണ്ട് പൂർണ്ണ പരിഹാരമുണ്ടാകുന്നില്ല. ഈയൊരവസ്ഥയുടെ പേരിൽ ഭർത്താവ് ഉപേക്ഷിച്ച് സ്വന്തം മകനെ/മകളെ ഒറ്റയ്ക്ക് സംരക്ഷിക്കേണ്ട ചുമതല സ്ത്രീകളിൽ നിക്ഷിപ്തമാവാറുണ്ട്. ഇന്നത്തെ സാമൂഹിക ചുറ്റുപാട് അനുസരിച്ച് ഇത്തരം രോഗാവസ്ഥയിലുള്ളവരെ ഒറ്റയ്ക്ക് വീട്ടിലാക്കിയിട്ട് മറ്റൊരു ജോലിക്ക് പോകാൻ കഴിയാതെ വിഷമിക്കുന്ന സ്ത്രീകളും ധാരാളമുണ്ട്. ഇപ്രകാരം ദുരിതമനുഭവിക്കുന്ന വ്യക്തികളെ അവരുടെ തീവ്ര ശാരീരിക മാനസിക വെല്ലുവിളി

നേരിടുന്ന മകൻ/മകളുടെ സംരക്ഷണം ഉറപ്പാക്കി കൊണ്ട് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം നല്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് സ്വാശ്രയ പദ്ധതി.

ഈ പദ്ധതി പ്രകാരം തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ മാതാവ്/രക്ഷിതാവിന് (സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി 35,000/- രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

<u>അർഹതാ മാനദണ്ഡം</u>

- അപേക്ഷക BPL കുടുംബാംഗം ആയിരിക്കണം.
- 8-)ം ക്ലാസ് വിദ്യാഭ്യാസം ലഭിച്ചിരിക്കണം.
- മാനസിക വെല്ലുവിളി 70% ത്തിൽ കൂടുതലുള്ള വ്യക്തികളുടെ മാതാവ്/രക്ഷകർത്താവിന് മുൻഗണന.
- ശാരീരിക വെല്ലുവിളി നേരിടുന്ന കിടപ്പു രോഗികളുടെ മാതാവ്/രക്ഷാകർത്താവിന് മുൻഗണന നൽകുന്നു.
- സ്വയം തൊഴിൽ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യ ആഫീസർക്ക് സമർപ്പക്കേണ്ടതാണ്.
- ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിക്കുന്ന ആസ്ഥികളുടെ ഉടമസ്ഥാവകാശം സാമൂഹ്യനീതി വകുപ്പിനായിരിക്കും.
- മിനിമം 5 വർഷമെങ്കിലും പദ്ധതി തുടരണം.
- ഏതെങ്കിലും കാരണത്താൽ 5 വർഷത്തിനു മുൻപ് പദ്ധതി/സംരംഭം അവസാനിപ്പിക്കുകയാണെങ്കിൽ ആ വിവരം വകുപ്പിന്റെ ജില്ലാ തല ഓഫീസറെ (DSJO) അറിയിക്കുകയും അവർ ആസ്ഥികൾ ഏറ്റെടുത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനത്തിലേക്ക് മാറ്റി വകുപ്പ് അദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം തുടർ നടപടി സ്വീകരിക്കുകയും വേണം.
- ഓരോ വർഷവും ജനുവരി 10-)ം തീയതിക്കകം മുൻ വർഷത്തെ വാർഷിക റിപ്പോർട്ട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സംരംഭക നൽകേണ്ടതാണ്.
- ജില്ലാ സാമൂഹ്യനീതി ഓഫീസർ 6 മാസത്തിലൊരിക്കൽ സ്ഥാപനം സന്ദർശിച്ച് പുരോഗതി വിലയിരുത്തി റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- ആശ്വാസ കിരണം പെൻഷൻ ലഭിക്കുന്നവർക്കും ഈ പദ്ധതി പ്രകാരം അപേക്ഷ നൽകാവുന്നതാണ്.

- ഓരോ സാമ്പത്തിക വർഷത്തിലും ഏപ്രിൽ/മേയ് മാസത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിക്കുന്നു.
- പ്രൊബേഷൻ ഓഫീസർമാർ വഴി അപേക്ഷകരെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നു. ലഭ്യമായ അപേക്ഷകൾ ജില്ലാ സാമൂഹ്യ നീതി ആഫീസർ പ്രൊബേഷൻ ഓഫീസർമാർക്ക് കൈമാറുകയും അന്വേഷണം നടത്തി വ്യക്തമായ ശുപാർശ സഹിതം മുൻഗണനാ ക്രമത്തിൽ റിപ്പോർട്ട് നൽകേണ്ടതുമാണ്.
- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ജില്ലാ തല സ്വാശ്രയ കമ്മിറ്റിയിൽ വച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു.
- ജില്ലാ സാമൂഹ്യനീതി ഓഫീസർ ആവശ്യമായ ഫണ്ടിന് ഡയറക്ടർക്ക് അപേക്ഷ നൽകുന്നു.
- ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അനുവദിക്കുന്ന ഫണ്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. വ്യവസ്ഥകൾ സംബന്ധിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഗുണഭോക്താവുമായി കരാർ ഒപ്പിടുന്നു.
- U.C, റിപ്പോർട്ട് എന്നിവ യഥാസമയം ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡയറക്ടർക്ക് സമർപ്പിക്കുന്നു.

**<u>ജില്ലാ തല സ്വാശ്രയ കമ്മിറ്റി</u>**

| | | |
|---|---|---|
| 1. | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - ചെയർമാൻ |
| 2. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | - കൺവീനർ |
| 3. | ജില്ലാ മെഡിക്കൽ ഓഫീസർ | - മെമ്പർ |
| 4. | വിമൻ വെൽഫയർ ഓഫീസർ | - മെമ്പർ |
| 5. | പ്രൊബേഷൻ ഓഫീസർ | - മെമ്പർ |
| 6. | S.P യുടെ പ്രതിനിധി | - മെമ്പർ |
| 7. | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന 3 സാമൂഹ്യ പ്രവർത്തകർ ഒരാൾ വനിതയായിരിക്കണം | - മെമ്പർ |

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

SUNDARI
Assistant Director
Directorate of Social Justice
Vikas Bhavan
Thiruvananthapuram - 33